# ആരും കൊതിക്കുന്ന നാല് അനുഗ്രഹങ്ങള്‍

عَنْ إبن عَبَّاس رَضِيَ اللَّهُ عَنْهُمَا: أنَّ رَسُولَ اللَّه ﷺ قَالَ: أَرْبَعٌ مَنْ اُعْطِيهُنَّ فَقَدْ أعْطِي خَيْرُ الدُّنْيَا وَالْآخِرَةِ: قَلْبٌ شَاكِرِ وَلِسَانٌ ذَاكِرٌ وَبَدنٌ عَلَى الْبَلَاءِ صَابِرٌ وَزَوْجَةٌ لاَ تَبْغِيه خَوْنًا فِي نَفْسِهَا وَلاَ مَالِه

ഇബ്നു അബ്ബാസില്‍ നിന്ന്, നബി(സ) പറഞ്ഞു: നാല് കാര്യങ്ങള്‍ നേടിയവന് ഇഹത്തിലും പരത്തിലും ഉത്തമമായത് ലഭിച്ചു. നന്ദി കാണിക്കുന്ന ഹൃദയം, അല്ലാഹുവിനെ സ്മരിക്കുന്ന നാവ്, പരീക്ഷണങ്ങളില്‍ ക്ഷമയവലംബിക്കുന്ന ശരീരം, തന്റെ ശരീരത്തിലും ഭര്‍ത്താവിന്റെ ധനത്തിലും വഞ്ചന ഇഷ്ടപ്പെടാത്ത ഭാര്യ (ബൈഹഖി).

ഏതൊരു സത്യവിശ്വസിയും ആഗ്രഹിക്കുന്ന സൗഭാഗ്യങ്ങളില്‍ പെട്ട വിശിഷ്ടമായ നാല് അനുഗ്രഹങ്ങളെയാണ് ഈ പ്രവാചക വചനം പരിചയപ്പെടുത്തുന്നത്. ഒരു മനുഷ്യന്റെ വിജയത്തിലും വളര്‍ച്ചയിലും നിര്‍ണായക പങ്കുവഹിക്കുന്നവയാണ് ഈ നാല് അനുഗ്രഹങ്ങളും. അതില്‍ പ്രഥമ സ്ഥാനം ഹൃദയത്തിനാണ്. കാരണം, മനുഷ്യന്റെ മുഴുവന്‍ ശരീരത്തെയും നിയന്ത്രിക്കുന്നത് ഹൃദയമാണ്. ഹൃദയത്തിന്റെ പ്രേരണക്കനുസരിച്ചാണ് ശരീരത്തിലെ മറ്റവയവങ്ങള്‍ നന്മയും തിന്മയും തെരഞ്ഞെടുക്കുന്നത്. അഥവാ നമ്മുടെ സ്വര്‍ഗവും നരകവും ഉറപ്പിക്കുന്നത് ഹൃദയം തന്നെയാണ്. അതുകൊണ്ടാണ് പ്രവാചകന്‍ പറഞ്ഞത്: "ശരീരത്തില്‍ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നായാല്‍ ശരീരം മുഴുവന്‍ നന്നാവും. അതു മോശമായാല്‍ ശരീരം മുഴുവന്‍ മോശമാവും. അറിയുക; അതത്രെ ഹൃദയം" (ബുഖാരി, മുസ്‌ലിം).

എണ്ണിത്തിട്ടപ്പെടുത്താന്‍ കഴിയാത്തത്ര അനുഗ്രഹങ്ങളേകിയ തന്റെ നാഥനോട് ഹൃദയത്തില്‍ നന്ദിയുണ്ടാവുക എന്നത് വിശ്വാസിയുടെ പ്രഥമ കടമയാണ്. ഈ കടമ നിര്‍വഹിക്കാത്തവരാണ് മനുഷ്യരില്‍ ഭൂരിപക്ഷവുമെന്ന് ഖുര്‍ആന്‍ ഉണര്‍ത്തുന്നുണ്ട്. അപ്പോള്‍ അല്ലാഹുവിനോട് നന്ദിയുള്ള ഹൃദയമുണ്ടാവുക എന്നതുതന്നെ ഏറ്റവും വലിയ അനുഗ്രഹം.

അല്ലാഹുവെ സ്മരിക്കുന്ന നാവിനെക്കുറിച്ചാണ് പിന്നീട് പറയുന്നത്. ഹൃദയത്തെപ്പോലെ അല്ലാഹു മനുഷ്യര്‍ക്കു നല്‍കിയ മറ്റൊരനുഗ്രഹമാണ് നാവ്. ഇഹലോകത്ത് മനുഷ്യനെ മാന്യനാക്കാനും അധമനാക്കാനും അവന്റെ നാവിനു കഴിയും. നമ്മുടെ വ്യക്തിത്വത്തെ അളക്കാനുള്ള മാനദണ്ഡം കൂടിയാണ് സംസാരം. നാവ് നല്ലതല്ലെങ്കില്‍ മറ്റെന്തു നന്നായിട്ടും കാര്യമില്ല. പ്രവാചകന്‍ അരുളി. "ഹൃദയം നേരെയാകുന്നതുവരെ ഒരാളുടെയും വിശ്വാസം നേരെയാവുകയില്ല. നാവ് നന്നാകുന്നതുവരെ ഒരാളുടെ ഹൃദയവും നന്നാവുകയില്ല."

വിശ്വാസിയുടെ ജീവിതത്തിലെ വഴിവെളിച്ചമായ ക്ഷമയെയാണ് മൂന്നാമത്തെ അനുഗ്രഹമായി എണ്ണിയിരിക്കുന്നത്. ജീവിതത്തിലെ കടുത്ത പരീക്ഷണ ഘട്ടങ്ങളില്‍ അനുഭവിക്കേണ്ടിവരുന്ന എല്ലാ യാതനകളെയും വേദനകളെയും ക്ഷമയോടു കൂടി നേരിടാന്‍ യഥാര്‍ഥ വിശ്വാസിക്ക് മാത്രമേ കഴിയൂ. കാരണം, വിശ്വാസിക്ക് ഈ ജീവിതം അല്ലാഹുവിന്റെ ദാനം മാത്രമാണ്. സുഖ-ദുഃഖങ്ങള്‍ അല്ലാഹുവില്‍ നിന്നുള്ള പരീക്ഷണങ്ങളാണ്. ഈ പരീക്ഷണങ്ങള്‍ അവന് സ്വര്‍ഗത്തിലെത്താനുള്ള നാഥന്റെ പാരിതോഷികങ്ങളാണ്. അപ്പോള്‍ പരീക്ഷണങ്ങളെ ക്ഷമാപൂര്‍വം അനുസരിക്കുന്ന ഒരു ശരീരമുണ്ടാവുക എന്നത് വിശ്വാസിയുടെ സൗഭാഗ്യമാണ്. പ്രവാചകന്‍ പറഞ്ഞു: "പരീക്ഷണങ്ങളില്‍ ക്ഷമ അവലംബിക്കുന്നവനെ അല്ലാഹു കൂടുതല്‍ ക്ഷമാ ശീലനാക്കി അനുഗ്രഹിച്ചുകൊണ്ടിരിക്കും. ക്ഷമയേക്കാള്‍ വിപുലവും വിശിഷ്ടവുമായ ഒരനുഗ്രഹവും ഒരാള്‍ക്കും അല്ലാഹു നല്‍കിയിട്ടില്ല" (ബുഖാരി, മുസ്‌ലിം).

മനുഷ്യനെ ഇഹത്തിലും പരത്തിലും ഉത്തമനാക്കിത്തീര്‍ക്കുന്ന നാല് അനുഗ്രഹങ്ങളില്‍ പ്രവാചകന്‍ അവസാനമായി എടുത്തുപറഞ്ഞിരിക്കുന്നത്, തന്റെ ശരീരത്തിലും ഭര്‍ത്താവിന്റെ സമ്പത്തിലും വഞ്ചന ഇഷ്ടപെടാത്ത ഭാര്യ എന്നാണ്. മനുഷ്യ ജീവിതത്തെ സന്തോഷകരവും ആഹ്ലാദഭരിതവുമാക്കുന്നതില്‍ വലിയ പങ്കാണ് ഇണയുടേത്. വീടിനെ ഒരു മസ്കന്‍(ശാന്തി) ആക്കിത്തീര്‍ക്കുന്നതും ഭാര്യയാണ്. ഇങ്ങനെ വീട്ടിലും കുടുംബത്തിലും ശാന്തിയും സമാധാനവും പരത്തുന്ന ഒരു നല്ല ഭാര്യ എന്നത് ഇഹത്തിലെയും പരത്തിലെയും ഏറ്റവും വലിയ അനുഗ്രഹവും മഹാ ഭാഗ്യവുമാണ്.

അബൂഹുറയ്റ(റ)യില്‍ നിന്ന് നിവേദനം: ഏത് സ്ത്രീയാണ് ഉത്തമ എന്ന് പ്രവാചകനോട് ചോദിച്ചപ്പോള്‍ അവിടുന്ന് പറഞ്ഞു: "കണ്ടാല്‍ ഭര്‍ത്താവിന് സന്തോഷമുണ്ടാക്കുകയും കല്‍പിച്ചാല്‍ അവനെ അനുസരിക്കുകയും തന്റെ ശരീരത്തിലും ഭര്‍ത്താവിന്റെ സമ്പത്തിലും വഞ്ചന കാണിക്കാതിരിക്കുകയും ചെയ്യുന്നവളാണ് ഉത്തമ."

ഭൂമിയിലെ ഏറ്റവും നല്ല നിക്ഷേപമേതെന്ന് അന്വേഷിച്ചപ്പോള്‍ പ്രവാചകന്‍ പറഞ്ഞു: "അല്ലാഹുവിനെ സ്മരിക്കുന്ന നാവ്, നന്ദികാണിക്കുന്ന ഹൃദയം, പുരുഷന്റെ വിശ്വാസത്തിന് താങ്ങായിത്തീരുന്ന വിശ്വാസിയായ ഇണ" (തിര്‍മിദി, ഇബ്നുമാജ).

ഈ നാല് നല്ല നിക്ഷേപങ്ങള്‍ വിശ്വാസിയുടെ ജീവിതത്തിലേക്കു കടന്നുവരുന്നതോടെ വിശ്വാസി ഭൂമിയില്‍ മനുഷ്യര്‍ക്കിടയിലും, പരലോകത്ത് അല്ലാഹുവിന്റെയടുത്തും ഉത്തമരായിരിക്കുമെന്ന് തീര്‍ച്ച. ■